# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം.22/3031/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം.22/3031/22 തീയ്യതി: 02/02/2023

## മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 11-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 20-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 20-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുള്ള എ സി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൽ സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സക്കീന കെ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സഫിയ എം സി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത കുമാരി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| | | 01-07-2021 | 06-07-2021 |
| ശ്രീ ലോറസ് അന്റോണിയോ അൽമേഡ | സെക്രട്ടറി | 07-04-2021 | 09-04-2021 |
| | | 27-04-2021 | 30-06-2021 |
| ശ്രീ. സുദേവൻ പിസി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-04-2021 | 26-04-2021 |
| ശ്രീമതി. സീനത്ത് കെ | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷഹന സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ശ്യാം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ഖാലിദ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ അബ്ദുൽ ഗഫൂർ എം പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 30-04-2021 |
| ശ്രീ വിമൽ ബാബു എ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റെജി പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹബീന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹസ്ന സി എച്ച് | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 27-05-2021 |
| ശ്രീ സുനിൽ കുമാർ | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 28-05-2021 | 04-10-2021 |
| ശ്രീമതി.നസീമ. കെ | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 05-10-2021 | 31-12-2021 |
| ശ്രീമതി.നൌഷ കെ എം | ഡയറി എക് സ്റ്റൻഷൻ ഓഫീസർ | 01-01-2022 | 31-03-2022 |
| ശ്രീ അബൂബക്കർ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ ഗിരീഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. സുദേവൻ പിസി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീമതി അനിത കുമാരി | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2021 | 01-08-2021 |

| | | | |
|---|---|---|---|
| പി | | | |
| ശ്രീമതി. കൌലത്ത് കെ | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2021 | 31-03-2022 |
| ഡോ മൂസ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-05-2021 | 21-05-2021 |
| | | 04-06-2021 | 19-06-2021 |
| ഡോ ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 22-05-2021 | 03-06-2021 |
| ഡോ ചാന്ദിനി ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20-06-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം 2021-22 (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | KSEB ഡെപ്പോസിറ്റ് - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-13 |
| 14 | മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല | 1-14 |
| 15 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ | 1-15 |
| 16 | തനത് ഫണ്ട് ചെലവ് - അപാകതകൾ | 1-16 |
| 17 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-17 |
| 18 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-18 |
| 19 | അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല. | 1-19 |
| 20 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-20 |
| 21 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-21 |
| 22 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല | 1-22 |
| 23 | എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ | 1-23 |
| 24 | കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചില്ല പണം പാഴ്ചെലവ് | 1-24 |
| 25 | പാണംകുളം മുക്കംകടവ് റോഡ് പുനരുദ്ധാരണം ( 329/22 ) അപാകതകൾ | 1-25 |
| 26 | റോഡ് പ്രവൃത്തി - ഉയർന്ന നിരക്ക് അനുവദിച്ചു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-26 |
| 27 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-27 |
| 28 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ. | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് പ്രവൃത്തി - ഉയർന്ന നിരക്ക് അനുവദിച്ചു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 3-1 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1), 22.02.2021 | 5(1), 30.03.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2022 | 22.08.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13,754,201.03 |
| വരവ് | 68,261,791 |
| ആകെ | 82,015,992.03 |
| ചെലവ് | 67,785,820 |
| നീക്കിയിരിപ്പ് | 14,230,172.03 |

### 1-4 ഫണ്ട് വിനിയോഗം 2021-22 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10676408 | 10676408 | 10483345 | 193063 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4372125 | 4372125 | 4354234 | 17891 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16477000 | 16477000 | 13598737 | 2878263 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4853319 | 4853319 | 2593633 | 2259686 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 2247000 | 2247000 | 2247000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 6658170 | 6658170 | 3866248 | 2791922 |
| ബി ഫണ്ട് | 0 | 42760100 | 42760100 | 42760100 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 71324097 | 152 | 51690938 | 47 | 44 | 62.55 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10183 | 587463 | 597647 | 595451 | 2195 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13101000 | 13101000 | 13101000 | 0 |

കുറിപ്പ്:

ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ടി കണക്കുകൾ എ എഫ് എസുമായി പൊരുത്തപ്പെടുന്നില്ല.

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7264400 | 453 |
| വിധവാപെൻഷൻ | 12079000 | 781 |
| വാർദ്ധക്യകാലപെൻഷൻ | 18044000 | 1258 |
| വികലാംഗപെൻഷൻ | 4668700 | 307 |
| വിവാഹ ധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 374000 | 24 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.21 ന് 11.00 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3031/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല.
3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും, പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.
4. സ്ട്രീറ്റ് ലൈറ്റ്, വാട്ടർ ടാപ്പ് എന്നിവക്കായി എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. വി.ഇ.ഒ ഓഫീസ്, എൻ.ആർ.ജി.എസ് ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടർ ഉൾപ്പെടെ വാങ്ങി നൽകിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത ഓഫീസിലെ നിലവിലുള്ള കമ്പ്യൂട്ടറുകൾക്ക് എ.എം.സി എടുത്തിട്ടുണ്ടെങ്കിലും ആയത് എ.എം.സി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.22 | 1.12.2021 മുതൽ 1.5.2022 വരെ | 11.10.2022 |
| എ.ജി ഓഡിറ്റ് | 12.08.2010 മുതൽ 28.08.2010 വരെ | 2004-05 മുതൽ 2009-10വരെ | 3.08.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 വാർഷിക കണക്കിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടു.

1)ചെലവുകൾ തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്തിരിക്കുന്നു(ഉദാ:ആശ്രയ പദ്ധതിക്ക് വിഹിതം അടവാക്കൽ എന്ന പദ്ധതിക്ക് വേണ്ടി ചെലവ് ചെയ്ത തുക ബുക്ക് ചെയ്തിട്ടുള്ളത് 251150104-women Welfare -Counselling For Girls Below Teenage എന്ന ശീർഷകത്തിലാണ്.പി എച്ച് സി(അലോപതി) ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി ചെലവ് ചെയ്ത തുക ബുക്ക് ചെയ്തിട്ടുള്ളത് 251110108-medical Institution -Ayurveda-manufacturing Of Medicines എന്ന ശീർഷകത്തിലാണ്.പരിരക്ഷ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക ബുക്ക് ചെയ്തിട്ടുള്ളത് 251110601 -Epidemic Control-implements For The Control Of Communicable Dicease എന്ന ശീർഷകത്തിലാണ്.)

2) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 'ടൈഡ്, അൺ ടൈഡ് എന്നിവയുടെ വരവ് ചെലവ് കണക്കുകൾ

AFS ഉം ACR ഉം Grant Statementഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

| | | വരവ് | ചെലവ് |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | AFS | 2286473 | 2286473 |
| | ACR &Grant Statement | 2247000 | 2331913 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | AFS | 5636591 | 3861708 |
| | ACR | 6658170 | 3866248 |
| | Grant Statement | 6658170 | 3816268 |

3) പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത വിവിധ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-4ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ആസ്തികളുടെ മൂല്യം കണക്കാക്കിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6)Special TSB Joint Venture അക്കൗണ്ടിൽ 19402/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 16002/-രൂപയാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

7.B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ബാധ്യത ഹെഡ്ഡിലെ നീക്കിയിരിപ്പുകൾ ക്രമീകരികരിക്കാൻ അവശേഷിക്കുന്നു.

| Head Code | ഇനം | 31.03.2022 ലെ നീക്കിയിരുപ്പ് |
|---|---|---|
| 350200202 | Recoveries Payable-value Added Tax | 17932 |
| 350300103 | Government&other Dues Payable -VAT | 6480 |
| 350300107 | Government&other Dues Payable -River Management Fund. | 7409 |
| 350300108 | Government&other Dues Payable -Royalty. | 1290 |
| 350300110 | Government&other Dues Payable -Audit Recovery. | 12 |

8) തൊഴിലുറപ്പ് ഇനത്തിൽ ക്യാഷ്ബുക്ക് പ്രകാരം തൊഴിലാളികളുടെ വേതനം എന്ന ഇനത്തിലെ ചെലവ് 13101000/-രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം 12605000/-രൂപയാണ് .വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

9)തൊഴിലുറപ്പ് ഇനത്തിൽ ക്യാഷ്ബുക്ക് പ്രകാരം ഭരണചെലവുകൾ എന്ന ഇനത്തിലെ ചെലവ് 595451/-രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം 708671/-രൂപയാണ് .വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

10)നിക്ഷേപ പ്രവർത്തികൾക്ക് വേണ്ടി കെ എസ് സി ബി ക്ക് മുൻകൂർ തുക നൽകിയെങ്കിലും(ഖണ്ഡിക 4-3 കാണുക) ആയത് 460500202-advance To Implementing Agencies -Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

11)ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)

12. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (8869503) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (475971) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

13.KGB CFC PFMSഅക്കൗണ്ടിൽ 1830283/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 1774883/-രൂപയാണ് CFC(TIED)ലഭിച്ച തുകകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

14.254200108-state Sponsered Schemes -Financial Help For Widow's Daughters Marriage എന്ന ശീർഷകത്തിൽ BRN21150952011300980859/20-1-22 ബിൽ പ്രകാരം 3,30,000/-രൂപ ചെലവുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ (I&E)ബുക്ക് ചെയ്തിട്ടില്ല.

15.വാർഷിക കണക്ക് പ്രകാരം തൻവർഷം ലോൺ ഇനത്തിൽ (RP 31) 100000/-രൂപ ലഭ്യമായിട്ടുണ്ടെങ്കിലും ആയത് ലോൺ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/17-12-22)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും,സംരഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ ,അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വ്യാപാര ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ | സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|---|---|
| 1 | കിയ ബസാർ ഹൈപ്പർ മാർക്കറ്റ് . | 3 | 8 | 1,2 |
| 2 | സ്പീഡ് ഓഫ്സെറ്റ് പ്രിന്റേഴ്സ് ,കുറ്റൂളി. | 139 | 4 | 1,2 |
| 3 | ടി പി വുഡ് ഇന്റസ്ട്രീസ് | 6 | 4 | 1,2 |
| 4 | എ ബി സി മോട്ടോഴ്സ് | 247 | 5 | 1,2 |
| 5 | പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്,കുനിയിൽ | 245 | 10 | 1,2 |
| 6 | യാക്കിപ്പറമ്പൻ ബ്രിക്സ്. | 213 | 6 | 1,2 |

2)25-6-2021ലെ എ3-2215/21 നമ്പർ വിവരാവകാശ അപേക്ഷ മറുപടി പ്രകാരം പി എച്ച് സിയിൽ ചുവടെ ചേർത്ത ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതായി മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | തസ്തിക |
|---|---|---|
| 1 | ഷാഹിന കെടി | സ്റ്റാഫ് നേഴ്സ്. |
| 2 | അസ്മാബി കെ ബി | ഫാർമസിസിസ്റ്റ് |
| 3 | ഷർമിള ഷെറിൻ കെ ടി | ജെ പി എച്ച് എൻ. |

മേൽ പരാമർശത്തിന് [ഓഡിറ്റ് എൻക്വയറി നമ്പർ 21/20.12.2022]ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 KSEB ഡെപ്പോസിറ്റ് - പൂർത്തീകരണ വിവരം ലഭ്യമല്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 258/22 വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ

അടങ്കൽ : 1,00,000

ചെലവ് തുക : 94,103

ഫണ്ട് : വികസന ഫണ്ട് - ജനറൽ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടിനായി തുക KSEB യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ബിൽ നമ്പർ / തിയ്യതി | തുക | പ്രവൃത്തി | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 27/07.02.2022 | 64,151 | 3 -ാം വാർഡ് പഞ്ചിളി റോഡ് 2 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കീഴപറമ്പ് |
| 28/07.02.2022 | 14,352 | 10 -ാം വാർഡ് ന്യൂ ബസാർ മപ്രത്തൊടി ഭാഗത്ത് 6 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കീഴപറമ്പ് |
| ആകെ | 78503 | | |

രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/17.12.2022) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 78503/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-14 മുൻകൂർ തുക നൽകി - മരുന്നുകൾ മുഴുവനും ലഭ്യമായില്ല

നിർവഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

2021-22 വർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക തിരുവനന്തപുരം, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>പ്രൊജക്ട് നമ്പർ / പേര്</th><th>മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ)</th><th>വൗച്ചർ നമ്പർ / തിയ്യതി</th><th>ലഭ്യമായ മരുന്നിന്റെ വിവരം (ഇൻവോയ്സ് നമ്പർ / തുക)</th><th>ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക</th></tr>
<tr><td rowspan="8">85/22 പരിരക്ഷ – ദീർഘകാല രോഗീ പരിചരണം<br>അടങ്കൽ തുക : 7,77,400<br>ഫണ്ട് : വികസന ഫണ്ട് ജനറൽ/മെയിന്റനൻസ് ഫണ്ട് - റോഡിതരം</td><td rowspan="8">1,88,640 രൂപ (PRF 4282/21.12.2021)</td><td rowspan="8">22101085/24.12.2021</td><td>15688/03.11.2022 - 1839</td><td rowspan="8">4,911 രൂപ</td></tr>
<tr><td>10725/12.09.2022 - 5942</td></tr>
<tr><td>8564/18.08.2022 - 10090</td></tr>
<tr><td>3726/05.06.2022 - 4308</td></tr>
<tr><td>354/18.04.2022 - 117472</td></tr>
<tr><td>353/18.04.2022 - 28377</td></tr>
<tr><td>350/18.04.2022 - 15701</td></tr>
<tr><td>ആകെ - 1,83,729</td></tr>
<tr><td rowspan="6">84/22 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ<br>അടങ്കൽ തുക : 3,00,000<br>ഫണ്ട് : വികസന ഫണ്ട് ജനറൽ</td><td rowspan="6">3,00,000 രൂപ (PRF 4288/21.12.2021)</td><td rowspan="6">22101084/24.12.2021</td><td>13059/04.10.2022 - 22955</td><td rowspan="6">45,681 രൂപ</td></tr>
<tr><td>12876/03.10.2022 - 6661</td></tr>
<tr><td>10726/12.09.2022 - 4106</td></tr>
<tr><td>3733/06.06.2022 - 38942</td></tr>
<tr><td>2711/21.05.2022 - 100005</td></tr>
<tr><td>596/20.04.2022 - 34101</td></tr>
</table>

| | | |
|---|---|---|
| | 12024/29.01.2022 - 47549 | |
| | ആകെ - 2,54,319 | |
| ആകെ ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക | | 50,592 രൂപ |

മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/17.12.2022) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ട് വഴി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവു വിളക്ക് റിപ്പയർ ചെയ്യുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ തുക/ ഫണ്ടിനം | ചെലവു തുക (ബിൽ നമ്പർ/തീയ്യതി) | കുറിപ്പ് |
|---|---|---|---|
| 252/22 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി (ദിവസക്കൂലി) | 2,00,000/- (വികസന ഫണ്ട് - ജനറൽ) | 1,11,429 (32/25.02.2022) | തെരുവുവിളക്കുകളുടെ റിപ്പയർ ആവശ്യത്തിലേക്കായി ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക (ഇൻവോയ്സ് നമ്പർ - A394/03.02.2022) |
| | | 43,250 (39/25.03.2022) | 1) 10.02.2022 മുതൽ 06.03.2022 വരെ 25 ദിവസം റിപ്പയറിംഗിനായി സാധനങ്ങൾ സൈറ്റിലേക്ക് എത്തിച്ചതിന്റെ വാഹന വാടക 25000/- രൂപ<br>2) 10.02.2022 മുതൽ 06.03.2022 വരെ 25 ദിവസം റിപ്പയറിംഗ് നടത്തിയതിന് ദിവസക്കൂലി ഇനത്തിൽ (പ്രതി ദിനം 730/-രൂപ നിരക്കിൽ) ശ്രീ. നൗഷാദലിക്ക് നൽകിയ തുക 18250/- രൂപ |
| | | 33,449 (30.03.2022) | 1) 07.03.2022 മുതൽ 23.03.2022 വരെ 17 ദിവസം റിപ്പയറിംഗിനായി സാധനങ്ങൾ സൈറ്റിലേക്ക് എത്തിച്ചതിന്റെ വാഹന വാടക 17000/- രൂപ<br>2) 07.03.2022 മുതൽ 23.03.2022 വരെ 17 ദിവസം റിപ്പയറിംഗ് നടത്തിയതിന് ദിവസക്കൂലി ഇനത്തിൽ (പ്രതി ദിനം 730/-രൂപ നിരക്കിൽ) ശ്രീ. നൗഷാദലിക്ക് നൽകിയ തുക 12410/- രൂപ<br>3) ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക 4039/- രൂപ (ഇൻവോയ്സ് നമ്പർ - A430/19.03.2022) |
| ആകെ | | 1,88,128 രൂപ | |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. 15 W ന്റെ 460 പുതിയ LED ബൾബുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ അവ ഫിറ്റ് ചെയ്യുന്നതിനുള്ള അനുബന്ധ സാധനങ്ങളും വാങ്ങിയിരുന്നു. അറ്റകുറ്റപ്പണി നടത്തിയപ്പോൾ നിലവിൽ പ്രവർത്തനരഹിതമായ വിളക്കുകൾ ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടില്ല. മാത്രമല്ല പുതിയ LED ബൾബുകളുടെ വാറണ്ടി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

2. തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല.

3. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011)

4. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ഇത് കൂടാതെ ഗ്രാമപഞ്ചായത്തിലെ 5 പ്രദേശങ്ങളിലെ ഹൈ മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഹൈ മാസ്റ്റ് / ലോ മാസ്റ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/17.12.2022) ലഭ്യമാക്കിയ മറുപടിയിൽ വാറണ്ടി വിവരങ്ങൾ ലഭ്യമാവുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നും, രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നതാണ് എന്നും പരാമർശിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 തനത് ഫണ്ട് ചെലവ് - അപാകതകൾ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് വൗച്ചർ പ്രകാരമുള്ള ചെലവുകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

| വൗച്ചർ നമ്പർ/തിയ്യതി | തുക | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|
| 1)22100109/17.05.2021 | 5586 | കുടിവെള്ള വിതരണം - ടെണ്ടർ പരസ്യം (മലയാള മനോരമ ദിനപ്പത്രം - ഇൻവോയ്സ് നമ്പർ : KA0426005499/11.04.2021) | സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O (Rt) No.288/14 /I&PRD Dated: 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നൽകിയ പരസ്യ ചാർജിൽ സ്ഥാപനത്തിന് ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. |
| 2)22100306/05.09.2021 | 121442 | രജിസ്റ്ററുകളും, ഫോമുകളും വാങ്ങുന്നതിന് ഗ്രാമ ലക്ഷ്മി മുദ്രാലയം, പാലക്കാടിന് നൽകിയ തുക | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിന്റെ 11.08.2021 ലെ PGT/GSTINN /538/2021-22 നമ്പർ ഇൻവോയ്സ് പ്രകാരം 94870 രൂപയാണ് ഈ ഇനത്തിലെ ചെലവ്. ആയതിനുള്ള കൈപ്പറ്റ് രശീതിയും സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. അധിക ചെലവ് 26572 രൂപ (121442 - 94870) |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/17.12.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കാത്തപക്ഷം ഇനം (2) പ്രകാരമുള്ള അധിക ചെലവ് തുക 26572/- രൂപ സെക്രട്ടറിയുടെ ബാധ്യതയായി ചുമത്തുന്നതാണ്.

## 1-17 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്ന് സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

അംഗൻവാടികളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2021-22 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. എന്നാൽ പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ടവയല്ല.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| വിവിധ അംഗൻവാടികളിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ ( 330/22 ) | ₹ 224999 | 22101207/ 24.03.2022 |
| അംഗനവാടികൾ ശിശു സൗഹൃദമാക്കുന്നതിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ ( 332/22) | ₹ 380000 | 22101218/ 25.03.2022 |

2021-22 സാമ്പത്തിക വർഷത്തിന്റെ അവസാന സമയത്ത് 09.03.2022 ന് അംഗീകാരം ലഭിച്ച പ്രൊജക്ട് ടെണ്ടർമുഖേന നടപ്പാക്കിയാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് പൂർത്തീകരിക്കാൻ സാധിക്കാതെ ഫണ്ട് ലാപ്സ് ആകും എന്ന കാരണത്താലാണ് നേരിട്ട് ആർട്ട്കോയിൽ നിന്ന് വാങ്ങിയത് എന്നാണ് ഈ അപാകത പരാമർശിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്.

നിർവഹണോദ്യോഗസ്ഥയുടെ മറുപടി താത്കാലികമായി അംഗീകരിക്കുന്നു. പ്രൊജക്ട് നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കീഴപറമ്പ് ഗ്രാമ പഞ്ചാത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 11/2018 നാണ് ആരംഭിച്ചത്. പ്രാരംഭ ഘട്ടത്തിൽ 25 പേർ അംഗങ്ങൾ ഉണ്ടായിരുന്നെങ്കിലും 14 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 14 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. ഒരു അംഗത്തിന് പ്രതിദിനം 600/- രൂപ തോതിലാണ് ഇപ്പോൾ വേതനം നൽകുന്നത്. നിലവിലെ അംഗങ്ങൾ 2 അംഗങ്ങൾ ഉള്ള 5 ബാച്ചുകളായി പഞ്ചായത്തിലെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. ശരാശരി രണ്ട് മാസത്തിൽ ഒരിക്കലാണ് ഒരു വീട്ടിൽ മാലിന്യം ശേഖരണത്തിന് സേനാംഗങ്ങൾ സന്ദർശനം നടത്തുന്നത്. നിലവിൽ ഒരു പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ

മാലിന്യങ്ങൾ തരം തിരിച്ച് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

2021-22 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹരിത കർമ്മസേനക്ക് വാഹനം വാങ്ങി നൽകുന്നതിന് 4,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ഇലക്ട്രിക് ഗുഡ്സ് ഓട്ടോ - പ്രൊജക്ട് നമ്പർ 266/22) കൂടാതെ റിജക്ടഡ് വേസ്റ്റ് ഒഴിവാക്കിയ ഇനത്തിൽ 4,79,198രൂപയും ചെലവഴിച്ചിട്ടുണ്ട് (പ്രൊജക്ട് നമ്പർ 170/22) വ്യക്തമായ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഈ ഇനത്തിൽ ചെലവഴിക്കുന്ന തുക ഹരിത കർമ്മസേനയുടെ കണക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല.

ഹരിതകർമ്മസനക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകൽ പഞ്ചായത്തിന്റെ ചുമതലയാണ്. മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ വേർതിരിച്ച് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) 3 ഇടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2021-22 വർഷത്തെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽ 03/22 ഒഴികെ എല്ലാ മാസങ്ങളിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ്.

ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ / പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനായി ഹരിത കേരള മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 20.10.2020 ലെ ജി.ഒ (ആർ.ടി) 1967/2020 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിരുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പ്രക്രിയക്ക് ആക്കം കൂട്ടാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് എന്ന പേരിൽ ആപ്ലിക്കേഷൻ രംഗത്തിറക്കാൻ സംസ്ഥാന തലത്തിൽ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഹരിത കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ 28.10.2021 ലെ NKP/1/HKM-WC/13/2021 കത്ത് പ്രകാരം ഈ ആപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ആദ്യഘട്ടത്തിൽ കീഴപറമ്പ് ഗ്രാമ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

മേൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനക്ക് സ്മാർട്ട് ഫോൺ, തദ്ദേശ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് (50,000 രൂപ), കെൽട്രോണിന് സർവീസ് ചാർജ് (1,35,700 രൂപ), QR കോഡ് തുക (12,000 രൂപ), SMS തുക (7,200 രൂപ) എന്നിവക്കായി ആകെ 2,04,900/- രൂപ നീക്കിവെക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിരുന്നു. (തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 18.11.2021 ലെ ജി.ഒ (ആർ.ടി) 2307/2021/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്)

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തൻ വർഷം പ്രൊജക്ട് നടപ്പിലാക്കുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി, കെൽട്രോണിന് സർവീസ് ചാർജ് ഇനത്തിൽ 1,35,700 രൂപയും, SMS തുക ഇനത്തിൽ 7,200 രൂപയും, (വൗച്ചർ നമ്പർ 22100968/24.03.2022) ലാപ്ടോപ്പ് വാങ്ങുന്നതിനായി 42,773 രൂപയും (വൗച്ചർ നമ്പർ 22100999/31.03.2022) ഉൾപ്പെടെ 1,85,673 രൂപ നൽകിയിട്ടുണ്ട്. (പ്രൊജക്ട് നമ്പർ : 267/22 സ്മാർട്ട് ഗാർബേജ്, അടങ്കൽ തുക : 2,50,000, ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്) സെക്രട്ടറിയും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്ററും തമ്മിൽ ട്രൈപാർട്ടി കരാറിൽ ഒപ്പു വെച്ചിട്ടുണ്ട്. വീടുകളിലും കടകളിലും ക്യൂ ആർ കോഡ് പതിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. പദ്ധതി പ്രവർത്തന സജ്ജമായിട്ടില്ല.

തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 10.03.2019 ലെ ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 30.7.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്. മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 ഏപ്രിൽ

മാസത്തോടെ അവസാനിച്ചിരിക്കുകയാണ്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചി കാലയളവിനകം നേടുന്നതിൽ വിജയം കൈവരിക്കാനായില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 119

ആകെ അടങ്കൽ - 10529020

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1163840 | 1259840 | 1159840 | 3583520 |
| പ്ലാൻ ഫണ്ട് | 2906000 | 1779000 | 2201000 | 6886000 |
| സ്പോൺസർഷിപ്പ് | 23000 | 14500 | 22000 | 59500 |
| ആകെ | | | | 10529020 |

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 2030400 |
| ചികിത്സ | 981000 |
| വസ്ത്രം | 59500 |
| ഭൂമി | 0 |
| കക്കൂസ് | 456000 |
| ഭവന നിർമ്മാണം | 0 |
| വിദ്യാഭ്യാസം | 171000 |
| ഭവന പുനരുദ്ധാരണം | 6400000 |
| വെള്ളം | 130000 |
| റിസേർവ്വ് ഫണ്ട് | 159120 |
| മറ്റ് ചെലവുകൾ | 112000 |
| മെഡിക്കൽ ക്യാമ്പ് | 30000 |
| ആകെ | 10529020 |

ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 2021-22 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 2389014 | 1778168 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 780181 | 225000 |

ചെലവിന്റെ ഇനം തിരിച്ച വിവരം

| | |
|---|---|
| ഭക്ഷണം | 1778168 |
| സ്ഥലം | 0 |
| വീട് | 0 |
| വീട് റിപ്പയർ | 225000 |
| വിദ്യാഭ്യാസം | 0 |

വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, ഭൂമി എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(1)അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്റ്റ് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്റ്റ് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം

കൈവരിക്കാനായിട്ടില്ല.

ഭക്ഷണ കിറ്റ് വിതരണം ,വീട് റിപ്പയർ ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ | വകയിരുത്തിയ തുക | ആനുകൂല്യം നൽകിയവർ |
|---|---|---|---|
| ഭക്ഷണം | 119 | 2030400 | 117 |
| സ്ഥലം വാങ്ങൽ | 0 | 0 | 0 |
| വീട് നിർമ്മാണം | 0 | 0 | 0 |
| വീട് റിപ്പയർ | 64 | 6400000 | 5 |

പദ്ധതിക്ക് പഞ്ചായത്തിൽ നിന്ന് അനുവദിച്ച 780181 രൂപയിൽ നാളിതുവരെ ചെലവഴിച്ച 225000 രൂപ മുഴുവനായും ചെലവഴിച്ചത് വീട് റിപ്പയർ നടത്തുന്നതിനാണ്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച് നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

(2)പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെയും പദ്ധതിയുടെ കാലയളവ് അവസാനിച്ചിരിക്കയാണ്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തീരുമാനത്തിനനുസരിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല.
3. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
4. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-21 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അരീക്കോട് സബ് ട്രഷറിയിൽ ഉള്ള 799011400002519 നമ്പർ

അക്കൗണ്ടിൽ 19.12.2022 ന് ₹ 547520 യും അരീക്കോട് SBI യുടെ ശാഖയിലുള്ള 67097165521നമ്പർ അക്കൗണ്ടിൽ 20.12.2022 ന് ₹ 54111 യും അവശേഷിക്കുന്നുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും എഴുതി പൂർത്തീകരിച്ച 31.03.2022 വരെയുള്ള കാഷ്ബുക്കിൽ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

ട്രഷറി,ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2021-22 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ പണം നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെയുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് അടവ് വന്നത് എന്നും അത് തിരിച്ചു ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഇ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട് എന്നും അത് അടുത്ത ടെണ്ടർ മുതൽ നടപ്പിലാകുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇ ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിക്കാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി "എയ്ഡഡ് സ്കൂളുകൾക്ക് സാനിറ്റേഷൻ " ( 175/22 ) എന്ന പ്രൊജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മൂന്ന് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ₹ 800000 വകയിരുത്തിയ ഈ പ്രൊജക്ടിന് പാർട്ട് ബിൽ ഇനത്തിൽ ₹249004 ചെലവഴിച്ചിട്ടുമുണ്ട്.

പ്രവൃത്തി നടപ്പാക്കുന്ന സ്കൂളുകളുടെ വിവരം താഴെ നൽകുന്നു.

1) അൽ അൻവാർ സ്കൂൾ കുനിയിൽ

2) MKKHMOUP സ്കൂൾ പത്തനാപുരം

3)MALP സ്കൂൾ വാലില്ലാപ്പുഴ

2021-22 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവർമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല .

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരമുള്ള ടോയ്‌ലറ്റുകള്,മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്ട് തയ്യാറാക്കി .

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്‌ലറ്റ് ഇല്ല എങ്കിൽ മാത്രമാണ് അവർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ എത്ര ടോയ്‌ലറ്റ് യഥാർത്ഥത്തിൽ ലഭ്യമാണ് എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തി ആവശ്യകത നിർണ്ണയിച്ച ശേഷം ഏറ്റവും ആവശ്യകതയുള്ള സ്കൂളുകൾക്ക് മാത്രമാണ് ടോയ്‌ലറ്റ് പ്രൊജക്ട് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ പഠനം നടത്തിയതായി കാണുന്നില്ല.

3) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല.

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളുകളുടെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

4) ആനുകൂല്യം നൽകിയ സ്കൂളിനെ തെരഞ്ഞെടുത്ത മാനദണ്ഡം വ്യക്തമല്ല .

പഞ്ചായത്ത് പ്രദേശത്തെ പ്രവർത്തിക്കുന്ന വിവിധ എയ്ഡഡ് സ്കൂളുകളിൽ നിന്ന് മൂന്ന് സ്കൂളുകളെ പ്രത്യേകമായി തെരഞ്ഞെടുക്കുന്നതിന് അടിസ്ഥാനമാക്കിയ രേഖകൾ ഫയലിൽ ലഭ്യമല്ല.

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകള് പരാമർശിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സ്കൂളുകൾക്ക് 2021-22 വർഷത്തിൽ ടോയ്‌ലറ്റ് ആവശ്യമില്ല എന്ന സാക്ഷ്യപത്രമാണ് ലഭ്യമാക്കിയത്. ഇത്തരത്തിലുള്ള സാക്ഷ്യപത്രം അല്ല ലഭ്യമാക്കേണ്ടത്. സർക്കാർ സ്കൂളുകളിൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന്റെ സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടിയിരുന്നത്. എൻക്വയറിയിൽ പരാമർശിക്കപ്പെട്ട മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലറ്റ് നൽകുമ്പോൾ എൻക്വയറിയിൽ പരാമർശിക്കപ്പെട്ട അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചില്ല പണം പാഴ്ചെലവ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പുളിയപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി നിർമ്മാണം ( 211/22) എന്ന പ്രൊജക്ട് പ്രകാരം കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മിക്കുന്നതിന് ₹437230 ചെലവഴിച്ചിട്ടുണ്ട്. (22101082/13.12.2021)

പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.
- ടാങ്ക് നിർമ്മിക്കുന്ന സ്ഥലം വിട്ടുകിട്ടിയതിന്റെ രേഖ ഫയലിൽ ഇല്ല.
- കുടിവെള്ള പദ്ധതി മൂലം പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും അവരുമായി കരാർ ചമക്കുകയും ചെയ്യാതെയാണ് പ്രൊജക്ട് നടപ്പാക്കിയത്.

കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് വെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കിയത് മൂലം പ്രവൃത്തിക്ക് ചെലവഴിച്ച ₹437230 പാഴ്ചെലവായി.

മേൽ അപാകത പരാമർശിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവൃത്തിയുടെ ബാക്കി പ്രവൃത്തികൾ നടത്തുന്നതിന് 2022-23 വർഷത്തിൽ പണം വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുന്നത്‌വരെ പ്രൊജക്ടിന് ചെലവഴിച്ച ₹ 437230 ചെലവ് തടസ്സം ചെയ്യുന്നു.

## 1-25 പാണംകുളം മുക്കംകടവ് റോഡ് പുനരുദ്ധാരണം ( 329/22 ) അപാകതകൾ

| | |
|---|---|
| പ്രവൃത്തി | - പാണംകുളം മുക്കംകടവ് റോഡ് പുനരുദ്ധാരണം ( 329/22 ) |
| സാങ്കേതികാനുമതി | - 57814/2021-22 Dt 12.11.2021 |
| പുതുക്കിയ സാങ്കേതികാനുമതി | - AEE/AKD/175/2021-22 Dt 18.03.2022 ₹ 275000 |
| എം ബുക്ക് നം | - 366/21-22 |
| ചെലവ് | - 224345 ( 22101241/30.03.2022 ) |

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം 1 പ്രകാരം Removing&placing Existing Slab& Levelling എന്ന പ്രവൃത്തിക്ക് OD 1497996/2021-22 പ്രകാരം 921.22 / Day നിരക്കിൽ 18 പ്രവൃത്തിയുടെ നിരക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ എടുത്ത് മാറ്റി തിരികെ വെക്കേണ്ട സ്ലാബുകളുടെ എണ്ണം, വിസ്തീർണ്ണം/ വ്യാപ്തം എന്നിവയൊന്നും തന്നെ എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തിയുടെ വ്യക്തമായ വിവരം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയല്ല.

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ പഴയ സ്ലാബ് എടുത്ത്മാറ്റി തിരികെ വയ്ക്കുന്ന പ്രവൃത്തി നടത്തിയിട്ടില്ല എന്നാണ് കാണുന്നത്. എം ബുക്ക് പേജ് 16 പ്രകാരം പഴയ സ്ലാബ് പൊളിച്ചുമാറ്റുന്നതിന് DLR പ്രകാരം 18 പ്രവൃത്തി അനുവദിച്ച് നൽകിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എത്ര അളവ് സ്ലാബ് പൊളിച്ച് മാറ്റി എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന് എസ്റ്റിമേറ്റ് ഇനം ഒന്ന് പ്രകാരമുള്ള പണം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ എസ്റ്റിമേറ്റ് ഇനം EX 3 പ്രകാരം 17.2 മീറ്റർ നീളത്തിൽ പുതിയ സ്ലാബ് പണിതിട്ടുണ്ട്. ഇതിന് ആകെ 2.87 $M^3$ കോൺക്രീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പൊളിച്ചുകളഞ്ഞ സ്ലാബിന്റെ സ്ഥാനത്താണ് പുതിയ സ്ലാബ് നിർമ്മിക്കുന്നത് എന്ന് വ്യക്തമാകുന്നുണ്ട്. അതിനാൽത്തന്നെ പൊളിച്ച് കളഞ്ഞ സ്ലാബിന്റെ വ്യാപ്തം 2.87 $M^3$ എന്ന് വ്യക്തമാണ്.

പഴയ സ്ലാബ് പൊളിച്ചുമാറ്റുന്നതിന് MORD ഷെഡ്യൂൾ നിരക്ക് ഇനം 2.5.2 B പ്രകാരം നിരക്ക് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ ഇനം പ്രവൃത്തിക്ക് MORD 2018 Cost Index 36.44 % പ്രകാരം അനുവദിക്കാവുന്ന നിരക്ക് ₹1339.23 / $M^3$ ആണ്.

ഇതനുസരിച്ച് മേൽ പ്രവൃത്തിക്ക് നൽകാവുന്ന തുക താഴെ നൽകുന്നു.

| പ്രവൃത്തി | ചെയ്ത അളവ് ( $M^3$ ) | നൽകിയ തുക | നൽകാവുന്ന തുക (MORD SOR Item 2.5.2 B) | അധികം ( 12% GST ഉൾപ്പെടെ) |
|---|---|---|---|---|
| Dismantling Old Damaged Slab | 2.87 | 16581.96 | 3843.59 (2.87x 1339.23) | 14266.97 (12738.37x112%) |

കോൺക്രീറ്റ് സ്ലാബ് പൊളിച്ച് മാറ്റുന്ന പ്രവൃത്തിക്ക് MORD പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ഉണ്ടായിരിക്കെ അത് ഉപയോഗിക്കാതെ സ്ലാബ് എടുത്തുമാറ്റി തിരികെ വക്കുന്നതിനുള്ള ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി അതുപ്രകാരം തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ അധികം നൽകിയ ₹ 14267 ചെലവ് തടസ്സം ചെയ്യുന്നു.

കോൺക്രീറ്റ് സ്ലാബ് പൊളിച്ച് മാറ്റുന്ന പ്രവൃത്തിക്ക് MORD പ്രകാരം അംഗീകരിക്കപ്പെട്ട നിരക്ക് ഉപയോഗിക്കാതെ DLR പ്രകാരം പണം അനുവദിച്ച് നൽകിയതിനും, പഴയ സ്ലാബ് പൊളിച്ച് മാറ്റിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്താതെ പണം അനുവദിച്ച് നൽകിയതിനും കാരണം വ്യക്തമാക്കേണ്ടതും അധികം നൽകിയ തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(മേൽ അപാകത പരാമർശിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയിലെ അപാകതക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. )

## 1-26 റോഡ് പ്രവൃത്തി - ഉയർന്ന നിരക്ക് അനുവദിച്ചു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പ്രവൃത്തി - ആല്യംകണ്ടി സ്കൂൾ പുളിയാപറമ്പ് റോഡ് സെക്കന്റ് റീച്ച് ( 224/22 )

സാങ്കേതികാനുമതി നം - AEE/AKD/41/2021-22 Dt 24.11.2022 ₹ 250000 (31.06% CI)

എം ബുക്ക് - 1036/ 20-21

മൂല്യ നിർണ്ണയം - 223218.88 Ltd To 223214.29

ചെലവ് 250000 ( 22101190/ 20.03.2022 )

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ ആല്യംകണ്ടി സ്കൂൾ പുളിയാപറമ്പ് റോഡ് സെക്കന്റ് റീച്ച് ( 224/22 ) പ്രവൃത്തിയിൽ' Excavation Of Ordinary Rock എന്ന ഇനം പ്രവൃത്തിക്ക് Mord Data 3.8.1 പ്രകാരം " Excavation Of Ordinary Rock By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

എന്നാൽ പ്രവൃത്തി നടത്തിയത് നാല് മീറ്റർ വീതിയിൽ നിലവിൽ റോഡായി പൊതു ജനങ്ങൾ ഉപയോഗിച്ച കൊണ്ടിരിക്കുന്ന റോഡിന്റെ തുടർച്ചയായാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും , അതിനോടനുബന്ധിച്ചുള്ള സൈറ്റ് പ്ലാനിലും ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിലും ഇക്കാര്യം വ്യക്തമായതാണ്. സൈറ്റ് പരിശോധനയിൽ ഈ പ്രവൃത്തികൾ നടത്തിയത് മണ്ണ് മാന്തി യന്ത്രം ഉപയോഗിച്ചാണ് എന്നും വ്യക്തമായി.

പ്രവൃത്തി നടത്തിയത് വാഹനം ഉപയോഗിക്കാൻ സാധിക്കുന്ന റോഡിലായതിനാലും , പ്രവൃത്തി നടത്തിയത് Hydrolic Excavator ഉപയോഗിച്ചാണ് എന്നത് സ്ഥല പരിശോധനയിൽ വ്യക്തമായതിനാലും Mord Item 3.8.3 - Excavation Of Ordinary Rock By Using Hydrolic Excavator എന്ന ഇനം ആയിരുന്നു ഈ പ്രവൃത്തിക്ക് നൽകേണ്ടിയിരുന്നത്.

തെറ്റായ പ്രവൃത്തി ഇനം അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക (3.8.1 - Excavation Of Ordinary Rock By Manual Means) | നൽകാവുന്ന തുക (3.8.3 - Excavation Of Ordinary Rock By Using Hydrolic Excavator) | അധികം നൽകിയത് ( 12% GST ഉൾപ്പെടെ ) |
|---|---|---|---|

| | | | |
|---|---|---|---|
| Excavation Of Ordinary Rock 197.73 $M^3$ | 70289.06 (197.73x355.48) | 10507.37 (197.73x53.14) | 66955 (70289.06-10507.37)x 112%) |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം അധികം ചെലവായ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## 1-27 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 146 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 107 പ്രൊജക്ടുകളിലായി ആകെ 21728636 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 146 | ആകെ അടങ്കൽ | 31218028 |
| നടപ്പിലാക്കിയത് | 107 | ചെലവ് | 21728636 |
| ശതമാനം | 73.30 | ചെലവ് ശതമാനം | 69.60 |

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽർ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു

1)ടെണ്ടർ രജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ചു നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

VI)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ.

ICDS സൂപ്പർവെസർ നിർവഹണം നടത്തിയ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം പ്രൊജക്ടുകളുടെ നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയില്ല .

GST നിയമപ്രകാരം, GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ സാമ്പത്തിക വർഷത്തിൽ ₹ 250000 ൽ അധികരിക്കുകയാണെങ്കിൽ നിശ്ചിത നിരക്കിൽ GST TDS ഈടാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത പ്രീതി ഐശ്വര്യ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ സാധനങ്ങളുടെ വിലയിനത്തിൽ ₹2259561 യും പൂലരി ന്യൂട്രിമിക്സ് യൂനിറ്റിന് ₹ 311850 യും നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ GST TDS കുറവ് വരുത്തിയിട്ടില്ല.

ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടത്തിയിട്ടില്ല .

കുടുംബശ്രീ യൂനിറ്റുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന രണ്ട് മാസത്തിലൊരിക്കൽ നടത്തണം എന്ന് സർക്കാർ നിർദ്ദേശം ഉള്ളതാണെങ്കിലും പഞ്ചായത്തിൽ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല .

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ ചമക്കുകയും ചെയ്തിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് പ്രവൃത്തി - ഉയർന്ന നിരക്ക് അനുവദിച്ചു- പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പ്രവൃത്തി - ആലുംകണ്ടി സ്കൂൾ പുളിയാപറമ്പ് റോഡ് സെക്കന്റ് റീച്ച് ( 224/22 )

സാങ്കേതികാനുമതി നം - AEE/AKD/41/2021-22 Dt 24.11.2022 ₹ 250000 (31.06% CI)

എം ബുക്ക് - 1036/ 20-21
കരാറുകാരൻ: ശ്രീ. അബ്ദുൽ സലീം.കെ.ടി.
കരാർ: 126/AE/LSGD/KZP/20-21 Dated 17.02.21.

മൂല്യ നിർണ്ണയം - 223218.88 Ltd To 223214.29

ചെലവ് 250000 ( 22101190/ 20.03.2022 )

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മേൽ പ്രവൃത്തിയിൽ' റോഡിലെ സാധാരണ കല്ല് നീക്കം ചെയ്യുന്ന തിന് ( Excavation Of Ordinary Rock ) Mord Data 3.8.1 പ്രകാരം " Excavation Of Ordinary Rock By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

Excavation Of Ordinary Rock എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| ഇനം | കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (31.06% Cost Index |
|---|---|
| 3.8.1 - Excavation Of Ordinary Rock By Manual Means | 355.48/ $M^3$ |
| 3.8.2 - Excavation Of Ordinary Rock By Using Dozer | 87.39/ $M^3$ |

| | |
|---|---|
| 3.8.3 - Excavation Of Ordinary Rock By Using Hydrolic Excavator | 53.14/ $M^3$ |

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

പ്രവൃത്തി നടത്തിയത് നാല് മീറ്റർ വീതിയിൽ നിലവിൽ റോഡായി പൊതു ജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന റോഡിന്റെ തുടർച്ചയായാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിലും, അതിനോടനുബന്ധിച്ചുള്ള സൈറ്റ് പ്ലാനിലും ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിലും ഇക്കാര്യം വ്യക്തമായതാണ്. സൈറ്റ് പരിശോധനയിൽ ഈ പ്രവൃത്തികൾ നടത്തിയത് മണ്ണ് മാന്തി യന്ത്രം ഉപയോഗിക്കാവുന്ന സ്ഥലത്താണ് എന്നും വ്യക്തമായി.

നാല് മീറ്റർ വീതിയിൽ റോഡ് സൗകര്യമുള്ള സ്ഥലത്താണ് പ്രവൃത്തി നടത്തിയത് എന്നതിനാലും, പ്രവൃത്തി നടത്തിയത് Hydrolic Excavator ഉപയോഗിച്ചാണ് എന്നത് സ്ഥല പരിശോധനയിൽ വ്യക്തമായതിനാലും Mord Item 3.8.3 - Excavation Of Ordinary Rock By Using Hydrolic Excavator എന്ന ഇനം ആയിരുന്നു ഈ പ്രവൃത്തിക്ക് നൽകേണ്ടിയിരുന്നത്.

തെറ്റായ പ്രവൃത്തി ഇനം അനുവദിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി, ചെയ്ത അളവ് | നൽകിയ തുക (3.8.1 - Excavation Of Ordinary Rock By Manual Means) | നൽകാവുന്ന തുക (3.8.3 - Excavation Of Ordinary Rock By Using Hydrolic Excavator) | അധികം നൽകിയത് ( 12% GST ഉൾപ്പെടെ ) |
|---|---|---|---|
| Excavation Of Ordinary Rock 197.73 $M^3$ | 70289.06 (197.73x355.48) | 10507.37 (197.73x53.14) | 66955 (70289.06-10507.37)x 112%) |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം അധികം ചെലവായ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25500 | സമഗ്ര പച്ചക്കറി വികസനം വിഹിതം നൽകൽ(243/22) | 25500 | 0 |
| | 1450000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ (168/22) | 1450000 | 0 |
| | 143520 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സഹായം-(112/22) | 143520 | 0 |
| ജില്ലാ പഞ്ചായത്ത് | 540000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ (168/22) | 540000 | 0 |
| | 520125 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് പഠന സഹായം(112/22) | 520125 | 0 |
| | 300000 | ക്ഷീര കർഷകർക്കുള്ള പാൽ സബ്സിഡി -ജനറൽ( 128/22) | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ബിൽ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | സ്ലീറ്റ് മെയിൻ സ്ഥാപിക്കൽ (254/22) | 33/25.03.2022 | 1439089 | 1439089 | പൂർത്തീകരിച്ച | ം |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (258/22) | 28/07.02.2022 | 14,352 | 0 | പൂർത്തീകരിച്ച വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. | 78503 |
| | | 27/07.02.2022 | 64,151 | | | |
| | | 28/07.02.2022 | 15600 | 15600 | പൂർത്തീകരിച്ച | ം |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക തൻ വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി- KURDFC | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 100000 | 1976557 | 586667 | 0 | 1489890 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 1989-90 | 25 | 70 | രവീന്ദ്രനാഥ് | 1210201214/18-02-2022 |
| 1990-91,91-92 | 25 | 600 | മുഹമ്മദ് ബഷീർ | 1210201215/18-02-2022 |
| 1992-93,93-94 | 12 | 400 | ഫ്രഡ്ഡി ഫെറിയ,സെക്രട്ടറി | 12102012016/18-02-22 |
| 1992-93,93-94 | 15(2) | 2018 | ഫ്രഡ്ഡി ഫെറിയ | 1210201217/18-12-22 |
| 1992-93,93-94 | 16 | 97 | ഫ്രഡ്ഡി ഫെറിയ | 1210201218/18-02-2022 |
| 1992-93,93-94 | 17 | 2270 | ഫ്രഡ്ഡി ഫെറിയ | 1210201219/18-02-2022 |
| 1992-93,93-94 | 18 | 61 | ഫ്രഡ്ഡി ഫെറിയ | 1210201222/18-02-2022 |
| 1992-93,93-94 | `19 | 269 | ഫ്രഡ്ഡി ഫെറിയ | 1210201223/18-02-2022 |
| 1992-93,93-94 | 20 | 284 | ഫ്രഡ്ഡി ഫെറിയ | 1210201224/18-02-2022 |
| 1992-93,93-94 | 21 | 250 | ഫ്രഡ്ഡി ഫെറിയ | 1210201225/18-02-2022 |
| 1992-93,93-94 | 22 | 200 | ഫ്രഡ്ഡി ഫെറിയ | 1210201226/18-02-2022 |
| 1992-93,93-94 | 23 | 167 | ഫ്രഡ്ഡി ഫെറിയ | 1210201227/18-02-2022 |
| 1992-93,93-94 | 24 | 317 | ഫ്രഡ്ഡി ഫെറിയ | 1210201228/18-02-2022 |
| 1992-93,93-94 | 25(1) | 40 | ഫ്രഡ്ഡി ഫെറിയ | 1210201229/18-02-2022 |

| | | | | |
|---|---|---|---|---|
| 1992-93,93-94 | 25(2) | 200 | ഫ്രഷ്ണി ഫെറിയ | 1210201230/18-02-2022 |
| 1992-93,93-94 | 26 | 200 | ഫ്രഷ്ണി ഫെറിയ | 1210201231/18-02-2022 |
| 1992-93,93-94 | 31 | 90 | ഫ്രഷ്ണി ഫെറിയ | 1210201232/18-02-2022 |
| 1992-93,93-94 | 32 | 303 | ഫ്രഷ്ണി ഫെറിയ | 1210201233/18-02-2022 |
| 1992-93,93-94 | 33 | 90 | ഫ്രഷ്ണി ഫെറിയ | 1210201234/18-02-2022 |
| 1992-93,93-94 | 39 | 160 | ഫ്രഷ്ണി ഫെറിയ | 1210201235/18-02-2022 |
| 1992-93,93-94 | 41 | 45 | ഫ്രഷ്ണി ഫെറിയ | 1210201296/18-02-2022 |
| 1992-93,93-94 | 42 | 72 | ഫ്രഷ്ണി ഫെറിയ | 1210201237/18-02-2022 |
| 1992-93,93-94 | 46(1) | 492 | ഫ്രഷ്ണി ഫെറിയ | 1210201238/18-02-2022 |
| 1992-93,93-94 | 54 | 80 | ഫ്രഷ്ണി ഫെറിയ | 1210201241/18-02-2022 |
| 1992-93,93-94 | 63 | 84 | ഫ്രഷ്ണി ഫെറിയ | 1210201242/18-02-2022 |
| 1992-93,93-94 | 66 | 1496 | ഫ്രഷ്ണി ഫെറിയ | 1210201251/18-02-2022 |
| 1992-93,93-94 | 70(1) | 450 | ഫ്രഷ്ണി ഫെറിയ | 1210201243/18-02-2022 |
| 1994-95 | 25 | 300 | ഫ്രഷ്ണി ഫെറിയ | 1210201249/18-02-2022 |
| 1994-95 | 27 | 512 | ഫ്രഷ്ണി ഫെറിയ | 1210201250/18-02-2022 |
| 1995-96 | 34 | 2118 | ഫ്രഷ്ണി ഫെറിയ | 1210201248/18-02-2022 |
| 1996-97 | 26 | 1380 | ഫ്രഷ്ണി ഫെറിയ | 1210201245/18-02-2022 |
| 1996-97 | 29 | 750 | ഫ്രഷ്ണി ഫെറിയ | 1210201246/18-02-2022 |
| 1996-97 | 36 | 617 | ഫ്രഷ്ണി ഫെറിയ | 1210201244/18-02-2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37 | 2002-03 | VII.1.10(i) | തനത് ഫണ്ട് വൗച്ചർ ഹാജരാക്കിയില്ല. തുക.45000 | നടപടികൾ തുടർന്നുവരുന്നു |
| " | 38 | " | VII.1.10(ii) | ഉപാധിരഹിത ഫണ്ട് വിനിയോഗ ക്രമക്കേടുകൾ തുക. 36952 | " |
| " | 40 | " | VII.1.10(iii) | തയ്യൽ മെഷീൻ വിതരണം അപാകതകൾ. തുക. 55250 | " |
| "<br>1999-2000 | 41<br>11 | "<br>2004-05 | VII.1.10(iv)<br>3.10.1(ii) | തറമ്മൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി 75804 രൂപ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 229340 | " |
| 2000-01 | 15 | 2004-05 | " | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുക. 196967 | " |
| 1999-2000 | 15 | 2004-05 | 3.1.10.1(13) | വൈദ്യുതീകരണം-പോസ്റ്റ് വില 1.17 ലക്ഷം കൺവീനർമാർക്ക് നൽകി | " |
| 2014-15 | 2(3),2(4) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. ഇ.വി പരമേശ്വരൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 18738/- | -- | -- | -- | ലഭ്യമാക്കേണ്ടതാണ്. | -- | 18738/- |
| 2 | 2001-02, 02-03, 03-04 | 2-5(part) | ശ്രീ. മധുസൂദനൻ, യു.ഡി.സി, തദ്ദേശ സ്വയംഭരണ വകുപ്പ്. | LF15758/ Spl.Cell/SC /D1/2010 /09.01.12 | 9773/- | -- | -- | -- | -- | -- | 9773/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക( രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1999-2000 | 2-4 | കെ. നാരായണ പിള്ള, സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്. | LF16724/ Spl.cell/(sc5) /05/06-07-09 | 27350/- | -- | -- | -- | -- | -- | 27350/- |
| 2 | 2011-12, 12-13 | 3-18 | ശ്രീ. മുഹമ്മദ് സി, ഹെഡ്മാസ്റ്റർ, വിദ്യഭ്യാസ വകുപ്പ് | KSA11218/ Spl.cell/SC /D1/16 /08.01.18 | 16000/- | 16000/- (4144/ 20.03.17) | -- | -- | -- | 16000/- | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68,261,791 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67,785,820 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 66955 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 530000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 33478 | ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 33477 | ശ്രീ.ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ആകെ | | 66955 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 78503 | ശ്രീമതി. സീനത്ത്.കെ, സെക്രട്ടറി |
| 1-24 | 437230 | ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-25 | 14267 | ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 530000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കീഴുപറമ്പ ഗ്രാമപഞ്ചായത്ത് | പുൽപറമ്പിൽ വീട്, ഈസ്റ്റ് വാഴൂർ (പിഒ) ,വാഴൂർ, 673633 |
| ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ | അസി.എക്സി.എഞ്ചിനിയർ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്. | ഉമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), മലപ്പുറം-673639 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 11 | |

| | | | |
|---|---|---|---|
| 1998-99 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 20 | |
| 1999-2000 | കെ.എസ്.എ.എം.പി.എം22/1739/2016 തി.19-01-2018 | 17 | |
| 2000-01 | കെ.എസ്.എ.എം.പി.എം22/1369/2018 തി:26.06.2019 | 9 | |
| 2001-02 | കെ.എസ്.എ.എം.പി.എം22/1369/2018 തി:26.06.2019 | 2 | |
| 2002-03 | കെ.എസ്.എ.എം.പി.എം22/1369/2018 തി:26.06.2019 | 2 | |
| 2003-04 | കെ.എസ്.എ.എം.പി.എം22/412/2019(1) തി.21-10-2022 | 1 | |
| 2004-05 | എൽ.എഫ്.എം.15/2298/08 തി:24.04.2009 | 10 | |
| 2007-08, 2008-09, 2009-10 | കെ.എസ്.എ.എം.പി.എം22/412/2019(5) തി.21-10-2022 | 1 | |
| 2010-11 | കെ.എസ്.എ.എം.പി.എം22/2252/21(1) തി.4-8-2022 | 1 | |
| 2011-12,12-13 | കെ.എസ്.എ.എം.പി.എം22/2252/21(2) തി.8-8-2022 | 7 | |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം22/675/22(1) തി.22-6-2022 | 12 | |
| 2015-16 | കെ.എസ്.എ.എം.പി.എം22/675/22(2) തി.22-6-2022 | 8 | |
| 2016-17 | കെ.എസ്.എ.എം.പി.എം22/1942/2018തി.22-05-2018 | 13 | |
| 2017-18 | കെ.എസ്.എ.എം.പി.എം22/213/2017 തി.30-07-2019 | 20 | |
| 2018-19 | കെ.എസ്.എ.എം.പി.എം 22/438/2020 തി28.09.20 | 12 | |
| 2019-20 | കെ.എസ്.എ.എം.പി.എം 22/818/22 തി 03.06.2022 | 23 | |
| 2020-21 | കെ.എസ്.എ.എം.പി.എം 22/1405/22 (2)തി 05.08.2022 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്